ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.05.2025**

## പ്രധാനവാർത്തകൾ

1. സമ്പൂർണ്ണ ജൈവ സംസ്ഥാനമായ സിക്കിമിൻറെ പുരോഗതിയിൽ രാജ്യം അഭിമാനിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കർഷകരിലേക്ക് പുത്തൻ സാങ്കേതിക വിദ്യകൾ നേരിട്ട് എത്തിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ വികസിത് കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി.

3. കേരളത്തിൽ ഇന്നും നാളെയും അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്.

4. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്ക് വോട്ടിടാൻ അവസരമൊരുക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

5. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിൻറെ കരട് വിജ്ഞാപനം നാളെ.

6. ഐ.പി.എൽ ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും.

*****************************************************************

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

സിക്കിം സംസ്ഥാന രൂപീകരണത്തിന്റെ 50 ആം വാർഷികത്തോടനുബന്ധിച്ച് പ്രധാന മന്ത്രി നരേന്ദ്ര മോദി സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളുടെ ഉത്ഘാടനവും ശിലാസ്ഥാപനവും നിർവ്വഹിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് ഗാങ്ടോക്കിൽ എത്താൻ കഴിയാതിരുന്ന അദ്ദേഹം, വിദൂര ദൃശ്യ സംവിധാനത്തിലൂടെ പരിപാടിയെ അഭിസംബോധന ചെയ്തു. പ്രകൃതിയോടിണങ്ങിയ സിക്കിമിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി **"സമ്പൂർണ ജൈവ സംസ്ഥാനം"** എന്ന അംഗീകാരമുൾപ്പടെ ഉൾപ്പടെ സിക്കിമിന്റെ വികസന നേട്ടങ്ങളിൽ രാജ്യം അഭിമാനിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഈ മാസം ന്യൂ ഡൽഹിയിൽ നടന്ന നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി നിരവധി വികസന പ്രവർത്തനങ്ങൾ സിക്കിമിലും വടക്കു കിഴക്കൻ പ്രവിശ്യയിലും നടപ്പാക്കുമെന്നും ശ്രീ മോദി പറഞ്ഞു.

(വോയിസ്....)

*****************************************************************

## വികസിത കൃഷി സങ്കൽപ് അഭിയാൻ

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. കർഷകരിലേക്ക് പുത്തൻ സാങ്കേതിക വിദ്യകൾ നേരിട്ട് എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി അതിനനുസൃതമായി ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പദ്ധതികൾ വിപുലീകരിക്കുകയാണ് ലക്ഷ്യം. ഇന്നു മുതൽ ജൂൺ 12 വരെയാണ് പ്രചാരണം. പത്തനംതിട്ട ജില്ലാതല ഉദ്ഘാടനം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ജോർജ് എബ്രഹാം നിർവഹിച്ചു. ഇടുക്കി ജില്ലയിലെ പ്രചാരണം കൃഷി

RNU TVPM

വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അടിമാലി, കാന്തല്ലൂർ, വെള്ളത്തൂവൽ, മറയൂർ പഞ്ചായത്തുകളിൽ നടക്കും.

*********************************************************************

## മഴ

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട അതിതീവ്രമായ മഴക്കും ഈ മാസം 31 വരെ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഒരു അറിയിപ്പുണ്ടാകുന്നതു വരെ താൽക്കാലികമായി അടച്ചിടുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കൊല്ലം ജില്ലയിൽ കനത്ത മഴ തുടരുന്നതിനാൽ മുൻകരുതൽ നടപടികളുടെ ഭാഗമായി ഇന്ന് സാമ്പ്രാണിക്കോടി വിനോദസഞ്ചാര കേന്ദ്രത്തിൽ ബോട്ടിംഗ് സർവീസ് റദ്ദാക്കി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

RNU TVPM

*********************************************************************

## ഇടുക്കി - മഴ (ഇൻട്രോ)

റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന ഇടുക്കിയിൽ കനത്ത മഴ തുടരുകയാണ്. വിവിധയിടങ്ങളിൽ മണ്ണിടിച്ചിലും മരം വീഴ്ച്ചയും ഉണ്ടായതിനെ തുടർന്ന് ഗതാഗത നിയന്ത്രണം ഉൾപ്പെടെ ഏർപ്പെടുത്തി കർശന ജാഗ്രതാ നടപടികളാണ് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

*************************************************************

## <u>പത്തനംതിട്ട -മഴ (ഇൻട്രോ)</u>

പത്തനംതിട്ട ജില്ലയിൽ ഇന്നും നാളെയും ചുവപ്പ് ജാഗ്രത.

പത്തനംതിട്ട ജില്ലയിലെ മണിമല നദിയിൽ ഓറഞ്ച് ജാഗ്രതയും, അച്ചൻകോവിൽ നദിയിൽ മഞ്ഞ ജാഗ്രതയും ആയതിനാൽ ജനങ്ങൾ ജാഗ്രത പുലർത്തണം. നിലവിൽ ജില്ലയിൽ പ്രവർത്തിക്കുന്നത് ഒരു ദുരിതാശ്വാസക്യാമ്പ്. ജില്ലയിൽ മഴയിലും കാറ്റിലും ഇതുവരെ തകർന്നത് 141 വീടുകൾ.

വിശദാംശങ്ങളുമായി പത്തനംതിട്ടയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി **ശ്രീജി എസ് ശ്രീധർ.....**

(വോയിസ്)

*************************************************************

RNU TVPM

## <u>ട്രോളിംഗ് നിരോധനം</u>

സംസ്ഥാനത്ത് ജൂൺ 9 അർധരാത്രി മുതൽ ജൂലായ് 31 അർധരാത്രി വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തും. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുടങ്ങിയെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

*************************************************************

## <u>വാർഡ് വിഭജനത്തിന്റെ വിജ്ഞാപനം</u>

സംസ്ഥാനത്തെ 86 മുൻസിപ്പാലിറ്റികളിലും, ആറു കോർപ്പറേഷനുകളിലും നടന്ന വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. ഡീലിമിറ്റേഷൻ കമ്മീഷൻ

ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അന്തിമവിജ്ഞാപനം അംഗീകരിച്ചത്. സംസ്ഥാനത്തെ 152 ബ്ളോക്ക്പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിന്റെ കരട് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും.

*********************************************************************

## നിലമ്പൂർ - പോസ്റ്റൽ വോട്ട്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ കോവിഡ് സംശയിക്കപ്പെടുന്നവർക്കും സ്ഥിരീകരിച്ചവർക്കും ഉൾപ്പെടെ പോസ്റ്റൽ വോട്ട് ചെയ്യാൻ അവസരമുണ്ടാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചു കൊണ്ടാകും ഇവർക്ക് വോട്ടവകാശം വിനിയോഗിക്കാനാവുക.

*********************************************************************

RNU TVPM

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരെഞ്ഞെടുപ്പ് പ്രചാരണവുമായി യു.ഡി.എഫ് മുന്നോട്ട്. സ്ഥാനാർഥിയായ ആര്യാടൻ ഷൗക്കത്തിനെതിരെ പി.വി.അൻവർ രംഗത്ത് വന്നത് തിരിച്ചടിയായെങ്കിലും വിട്ടു വീഴ്ച്ച വേണ്ടെന്നാണ് കോൺഗ്രസ് തീരുമാനം. അൻവറിനെ സഹകരിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുമെന്നും പാർട്ടി വ്യക്തമാക്കുന്നു. അതേസമയം പി.വി അൻവറിന്റെ രാഷ്ട്രീയ വഞ്ചനക്കെതിരെ നിലമ്പൂർ വിധിയെഴുതുമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാധ്യമങ്ങളോട് പറഞ്ഞു. എൽ.ഡി.എഫ് നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചേക്കും. നിലമ്പൂരിലെ എൻ ഡി എ സ്ഥാനാർത്ഥി ബി ഡി ജെ എസിൽ നിന്നായിരിക്കുമെന്നാണ് സൂചന.

*****************************************************************

**കോഴിക്കോട് - തുരങ്ക പാത (ഇൻട്രോ)**

കോഴിക്കോട്-വയനാട് നിർദിഷ്ട നാലുവരി തുരങ്കപാതയ്ക്ക് അവസാന വട്ട പാരിസ്ഥിതികാനുമതിക്കായി ശുപാർശ. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയാണ് ശുപാർശ ചെയ്തത്.

വിശദാംശങ്ങളുമായി കോഴിക്കോട് നിന്നും ആകാശവാണി പ്രതിനിധി **നസീർ ബാബു.....**

**(വോയിസ്)**

*****************************************************************

**എ.എൻ.ഷംസീർ**

68-ാമത് കോമൺവെൽത്ത് പാർലമെൻ്ററി കോൺഫറൻസിന് മുന്നോടിയായുള്ള പ്രീ-കോൺഫറൻസ് ടൂറിനായി ജപ്പാനിൽ എത്തിയ നിയമസഭാ സ്പീക്കർ ശ്രീ.എ.എൻ.ഷംസീർ ടോക്കിയോയിലെ ഇന്ത്യൻ എംബസി സന്ദർശിച്ചു. ജപ്പാനിലെ ഇന്ത്യൻ സമൂഹത്തെക്കുറിച്ചും, മലയാളികളെ കുറിച്ചും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്യാൻ സാധിച്ചതിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി.

*****************************************************************

**ഹർത്താൽ - കോഴിക്കോട്**

കോഴിക്കോട് വിലങ്ങാട് മേഖലയിൽ പ്രതിപക്ഷ സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുന്നു. കഴിഞ്ഞ വർഷം ഉരുൾപ്പൊട്ടലിൽ ഏറെ നാശനഷ്ടം ഉണ്ടായ മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ വൈകുന്നതായി

RNU TVPM

ആരോപിച്ചാണ് ഹർത്താൽ. കടകളേയും വാഹന ഗതാഗതത്തേയും ഹർത്താൽ ബാധിച്ചിട്ടുണ്ട്.

**********************************************************

## കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം

കേരള തീരത്ത് മുങ്ങിയ കപ്പലിലെ, ശക്തികുളങ്ങര തീരത്തടിഞ്ഞ കണ്ടെയ്നർ കൊല്ലം തുറമുഖത്ത് ട്രെയിലെറിൽ എത്തിച്ചു. കഴിഞ്ഞ ദിവസം കടലിൽ നിന്ന് തുറമുഖ വാർഫിൽ കയറ്റിവച്ച ഒരു കണ്ടയ്നറും ഉള്ളിലെ പോളിയെത്തിലീൻ ചാകുകളും യാർഡിലേക്കു മാറ്റിയിട്ടുണ്ട്. ഡ്രോൺ സർവ്വേ പൂർത്തിയായ ഇടങ്ങളിൽ ഇന്ന് ശുചീകരണം നടത്തും. ബാക്കി കണ്ടെയ്നറുകളും കൊല്ലം തുറമുഖത്തേക്ക് എത്തിക്കുമെന്ന് അധികൃതർ അറിയിച്ചു.

**********************************************************

## പാലക്കാട് - നെല്ലിൻറെ താങ്ങുവില (ഇൻട്രോ)

കേന്ദ്ര ഗവൺമെൻറ് നെല്ലിൻറെ താങ്ങുവില വർദ്ധിപ്പിച്ചതിന്റെ പ്രയോജനം പൂർണ്ണമായും ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ് പാലക്കാട്ടെ കർഷകർ. നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 69 രൂപ വർദ്ധിപ്പിക്കാനാണ് കഴിഞ്ഞ ദിവസം ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകിയിരിക്കുന്നത്.

വിശദാംശങ്ങളുമായി പാലക്കാടു നിന്നും ആകാശവാണി പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

(വോയിസ്)

**********************************************************

PIJU TVPM

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. നാളെ നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

*********************************************************************************************
*********************************************************************************************
************************************************

RNU TVPM